# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3227

11.12.2014-ൽ മറുപടിയ്ക്ക്

## ചേർത്തല മനോരമ കവല വികസനം

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ചേർത്തല മനോരമ കവല വികസനത്തിനുവേണ്ടി സർക്കാർ തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ട് എത്ര നാളായി എന്ന് വ്യക്തമാക്കാമോ; മനോരമ കവല വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി എന്നും ഇതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ; | (എ) 13.03.2013-ലെ സ.ഉ. (സാധാ) നം. 354/13/പൊ.മ.വ പ്രകാരം ചേർത്തല മനോരമ കവല വികസനത്തിനു വേണ്ടി സർക്കാർ 335 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) മനോരമ കവല വികസനത്തിന് എത്ര മാത്രം സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിൽനിന്നു ഉത്തരവ് ലഭിക്കുന്നതിനായി റിപ്പോർട്ടുകളും രേഖകളും പൊതുമരാമത്ത് വകുപ്പിൽ നിന്നും നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) മനോരമ കവല വികസനത്തിന് ചേർത്തല വടക്ക് വില്ലേജിൽ 9.38 ആർസ് (23.18 സെന്റ്) സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവിനായി ജില്ലാ കളക്ടർ ലഭ്യമാക്കിയ അനുബന്ധ രേഖകൾ അടങ്ങിയ പ്രൊപ്പോസൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ